# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നമ്പർ. *156 25-03-2013-ൽ മറുപടിയ്ക്ക്

### പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീ. കെ. വി. വിജയദാസ്<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) നേരിയ തോതിൽ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇ തു തടയുന്നതിനും കുറ്റവാളികൾക്കെതിരെ സമയബന്ധിതമായി ശിക്ഷാ നടപടി സ്വീകരിക്കുന്നതിനും തയ്യാറാകുമോ; | (ബി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് പോലീസ് വകുപ്പ് കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പോലീസ് ആസ്ഥാനത്ത് ഐ.ജി.പി പിസി.ആർ-ന്റെ കീഴിൽ ഒരു എസ്.പിയുടെ ചുമതലയിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെ ഉണ്ടാകുന്ന അതിക്രമങ്ങളുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികൾ, ടി വിഷയത്തിൽ രേഖപ്പെടുത്തുന്ന കേസുകളുടെ അന്വേഷണ പുരോഗതി എന്നിവ വിശകലനം ചെയ്യുന്നതിന് സ്പെഷ്യൽ സെൽ പ്രവർത്തിച്ചു വരുന്നു. ജില്ലാതലത്തിൽ അതാത് ഡി.സി.ആർ.ബി ഡി.വൈ.എസ്.പിമാർ നോഡൽ ഓഫീസർമാരായി പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കെതിരെയുള്ള കേസ്സുകളുടെ സൂക്ഷ്മ പരിശോധനയും അന്വേഷണ പുരോഗതിയുടെ അവലോകനവും മറ്റും നടത്തി വരുന്നു. ഇത്തരം |

കേസുകളുടെ നിരീക്ഷണത്തിനും അന്വേഷണത്തിനുമായി ഡി.വൈ. എസ്.പി മാരുടെ നേതൃത്വത്തിൽ സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ അംഗങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് സർക്കിൾ-ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളതും അവയുടെ യോഗങ്ങൾ മൂന്നു മാസത്തിലൊരിക്കൽ കൂടുകയും നിലവിലുള്ള ക്രമസമാധാന പ്രശ്നങ്ങളും, കേസുകളുടെ അവസ്ഥയും വിലയിരുത്തി നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. കൂടാതെ പോലീസ് സ്റ്റേഷൻ തലം മുതൽ സംസ്ഥാനതലം വരെ നടത്തപ്പെടുന്ന ക്രൈം റിവ്യൂ മീറ്റിംഗുകളിൽ പ്രസ്തുത കാര്യങ്ങൾ പ്രത്യേകമായി അവലോകനം നടത്താറുണ്ട്. സംസ്ഥാനതല അവലോകനത്തിൽ സംസ്ഥാന പോലീസ് മേധാവി ഇത്തരം അതിക്രമങ്ങൾക്കെതിരെ സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി വരുന്നു. കൂടാതെ പട്ടികജാതി - പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കിടയിൽ അദാലത്തുകളും, സെമിനാറുകളും, അതിക്രമങ്ങൾക്കെതിരെയുള്ള ബോധവൽക്കരണ ക്ലാസ്സുകളും ജനമൈത്രീ പോലീസിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കാറുണ്ട്. പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ റിപ്പോർട്ടായാൽ ഉടൻതന്നെ അതിന്മേൽ എസ്.സി /എസ്.ടി (PoA) ആക്ട് 1989-ലെ വകുപ്പുകൾ പ്രകാരവും ഇന്ത്യൻ ശിക്ഷാ നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരവും കേസുകൾ രജിസ്റ്റർ ചെയ്ത് ഡി.വൈ. എസ്.പി റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥൻ അന്വേഷണം നടത്തി സമയബന്ധിതമായി റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കാറുണ്ട്. എന്നാൽ അന്വേഷണത്തിന്റെ ഭാഗമായി ജാതി സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനും രാസപരിശോധന റിപ്പോർട്ടുകൾ ലഭിക്കുന്നതിനും മറ്റും സമയം എടുക്കുന്നത് ചില

കേസുകളിൽ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നതിന് കാലതാമസം ഉണ്ടാക്കാറുണ്ട്. ചാർജ്ജ് ചെയ്ത കേസുകളിൽ വിചാരണ സത്വരമാക്കുന്നതും അനുയോജ്യമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതും നിയുക്ത കോടതികളാണ്. എന്നാൽ നിലവിലുള്ള അവസ്ഥയിൽ സ്പെഷ്യൽ കോടതികളുടെ എണ്ണം കുറവായതിനാൽ അതത് ജില്ലാ സെഷൻസ് കോടതികളിൽ വിചാരണ കാത്ത് തീർപ്പാക്കാതെ കേസുകൾ നിലനിൽക്കുന്നു. കേസ് തീർപ്പാക്കാനുള്ള കാല വിളംബം സാക്ഷികൾ കൂറുമാറുന്നതിനും കേസ് ഒത്തു തീർപ്പാക്കുന്നതിനും പ്രതികളെ വെറുതെ വിടുന്നതിനും പലപ്പോഴും കാരണമാകുന്നു.

**(സി)** ഈ വിഭാഗങ്ങൾക്കെതിരെ അതിക്രമങ്ങൾ ഉണ്ടാകുമ്പോൾ 1989 ലെ അതിക്രമങ്ങൾ തടയൽ ആക്ട്പ്രകാരം കേസ് രജിസ്റ്റർ ചെയ്യാൻ പോലീസ് തയ്യാറാകാത്ത സ്ഥിതിവിശേഷം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

**(സി)** ഇത്തരത്തിൽ കാസർഗോഡ് ജില്ലയിൽ ഒരു സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികവർഗ്ഗത്തിൽപ്പെട്ട പീഡനത്തിനിരയായ സാവിത്രി എന്ന യുവതിയുടെ പരാതിയിന്മേൽ കേസ് രജിസ്റ്റർ ചെയ്യാതിരുന്ന രാജപുരം പോലീസ് സ്റ്റേഷനിൽ എസ്.ഐ യായിരുന്ന കൃഷ്ണൻ. കെ. എന്നയാൾക്കെതിരെ ടി സ്റ്റേഷനിൽ ക്രൈം നം. 64/12 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് രണ്ടാം പ്രതിയായി കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. എന്നാൽ ടിയാനെ കുറ്റവിമുക്തനാക്കിക്കൊണ്ട് ഹോസ്ദുർഗ്ഗ് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

സെക്ഷൻ ഓഫീസർ